"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ശ്രീ. രജീഷ് ടി.ആർ വിള ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിലേക്കായി മാന്വൽ ആയി അപേക്ഷ പരിഗണിക്കുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.70/2025/AGRI  തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 07.01.2025 തീയതിയിലെ ADFW/14677/2024-TR2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ കുഴൂർ കൃഷിഭവന് കീഴിൽ വരുന്ന കുണ്ടൂർ എന്ന സ്ഥലത്ത് ഏകദേശം 5 ഏക്കറോളം സ്ഥലം ശ്രീ. രജീഷ് ടി.ആർ എന്ന കർഷകൻ പാട്ടത്തിനെടുത്ത് വാഴ കൃഷി ചെയ്തിരുന്നുവെന്നും ഇതിൽ 2500 വാഴ ഇൻഷ്വർ ചെയ്തിട്ടുള്ളതാണ് എന്നും 2023 ജൂലൈ മാസത്തിൽ ഉണ്ടായ കനത്ത കാറ്റിലും മഴയിലും വിളനാശം സംഭവിച്ചിരുന്നുവെന്നും ടിയാൻ പ്രകൃതിക്ഷോഭദുരിതാശ്വാസ പദ്ധതിയിൽ മാത്രമാണ് അപേക്ഷ സമർപ്പിച്ചിരുന്നത് എന്നും ടീയാന്റെ അറിവില്ലായ്മ മൂലം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നും പരാമർശ പ്രകാരം കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ, വിഷയത്തിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം ലഭ്യമാക്കണമെന്ന് കൃഷി ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ തിട്ടപ്പെടുത്തിയ വിളനാശത്തിന്റെ അളവ് അധികരിക്കരുത് എന്ന വ്യവസ്ഥയോടെ, ശ്രീ. രജീഷ് ടി.ആർ വിള ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിലേക്കായി മാന്വൽ ആയി അപേക്ഷ പരിഗണിക്കുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANJALY V S
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക്ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vineesh Kumar G
Date: 31-01-2025 14:44:21

സെക്ഷൻ ഓഫീസർ